ADHS (PH)

8/10/14

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - സംസ്ഥാനത്തെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും വിവിധ ഘട്ടങ്ങളിലായി നിയമിതരായ താൽക്കാലിക ജീവനക്കാരുടെ സേവനകാലാവധി 2015 മാർച്ച് 31 വരെ താല്ക്കാലികമായി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

**സ.ഉ. (സാധാ) നം. 3303/2014/ആകുവ. തിരുവനന്തപുരം തീയതി, 08/10/2014.**

---

പരാമർശം :- 1. 20.06.2012 ലെ സ.ഉ(കൈ) നം.187/2012/ആകുവ.
2. 20.9.12 ലെ സ.ഉ (കൈ)നം.308/2012/ആകുവ
3. 05.10.12 ലെ സ.ഉ (കൈ)നം.332/2012/ആകുവ.
4. 22.12.2012 ലെ സ.ഉ (കൈ)നം.434/2012/ആകുവ.
5. 30.03.2013 ലെ സ.ഉ (കൈ)നം.118/2013/ആകുവ.
6. 6.06.2013 ലെ സ.ഉ. (കൈ)നം.220/2013/ആകുവ.
7. 31.05.2013 ലെ സ.ഉ. (കൈ)നം.212/2013/ആകുവ
8. 06.07.2013 ലെ സ. ഉ.(സാധാ)നം.2433/2013/ആകുവ
9. 18.10.13 ലെ സ. ഉ. (കൈ)നം.416/2013/ആകുവ
10. 20.01.2014 ലെ സ. ഉ. (സാധാ) നം 209/2014/ആ.കുവ
11. 05/05/2014-ലെ സ.ഉ. (സാധാ)നം.1411/2014/ആകുവ.

**ഉത്തരവ്**

സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി പരാമർശം 1 ലെ ഉത്തരവ് പ്രകാരം ആരോഗ്യ വകുപ്പിൽ 14 ജില്ലകളിലായി 3 മാസത്തേയ്ക്ക് താല്ക്കാലികമായി 209 ഡോക്ടർമാർ, 375 സ്റ്റാഫ് നഴ്സുമാർ, 211 ഫാർമസിസ്റ്റുമാർ, 145 ലാബ് ടെക്നീഷ്യർ, 320 ഹെൽത്ത് ഇൻസ്പെക്ടർമാർ, 245 സ്പ്രേമെൻ, 397 ക്ലീനിംഗ് സ്റ്റാഫുകൾ എന്നീ വിഭാഗങ്ങളിലായി 1902 പേരെ നിയമിക്കുകയുണ്ടായി.പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മേൽ ജീവനക്കാരുടെ കാലാവധി പരാമർശം 2 മുതൽ 5 വരെയുള്ള ഉത്തരവുകൾ പ്രകാരം 3 മാസം വീതവും, പരാമർശം 6, 8 എന്നീ ഉത്തരവുകൾ പ്രകാരം നാല് മാസത്തേയ്ക്കും (2013 ഒക്ടോബർ 16 വരെ) ദീർഘിപ്പിച്ചു നൽകുകയുണ്ടായി. പരാമർശം 7 ലെ ഉത്തരവ് പ്രകാരം വിവിധ മെഡിക്കൽ കോളേജുകളിൽ താല്ക്കാലികമായി 120 നഴ്സുമാർ,10 ഫാർമസിസ്റ്റുകൾ, 10 ലാബ് ടെക്നീഷ്യൻമാർ,63 അറ്റന്റർമാർ എന്നിവരെ 4 മാസത്തേയ്ക്ക് നിയമിക്കുകയുണ്ടായി. പരാമർശം 9 ലെ ഉത്തരവ് പ്രകാരം ആരോഗ്യ വകുപ്പിൽ നിയമിതരായ 1213 പേരുടേയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിയമിതരായ 203 പേരുടേയും സേവനം മൂന്ന് മാസത്തേക്കുകൂടി വീണ്ടും ദീർഘിപ്പിക്കുകയുണ്ടായി.

2. പരാമർശം 10 ലെ ഉത്തരവ് പ്രകാരം ആരോഗ്യ വകുപ്പിൽ സേവനമനുഷ്ഠിച്ചുവരുന്ന 901 ജീവനക്കാരുടേയും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സേവനമനുഷ്ഠിച്ചുവരുന്ന 171 ജീവനക്കാരുടേയും സേവനകാലാവധി മൂന്ന് മാസത്തേയ്ക്കു കൂടി താല്ക്കാലികമായി ദീർഘിപ്പിക്കുകയുണ്ടായി. തുടർന്ന് പരാമർശം 11-ലെ ഉത്തരവ് പ്രകാരം ആരോഗ്യ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുകളിൽ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി താൽക്കാലികമായി നിയമിച്ച ഡോക്ടർമാർ, നഴ്സുമാർ, ഫാർമസിസ്റ്റുമാർ, ലാബ് ടെക്നീഷ്യർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, നഴ്സിംഗ് എയ്ഡുമാർ, സ്പ്രേമെൻമാർ, ക്ലീനിംഗ് സ്റ്റാഫ്, അറ്റന്റർമാർ എന്നിവരുടെ സേവനകാലാവധി 2014 സെപ്റ്റംബർ 30 വരെ താൽക്കാലികമായി ദീർഘിപ്പിക്കുകയുണ്ടായി.

(മറുപുറം)

54



3. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി താല്ക്കാലികമായി നിയമിച്ച വിവിധ വിഭാഗം ജീവനക്കാരുടെ സേവനം വിനിയോഗിച്ച് മെച്ചപ്പെട്ട രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയതുമൂലം പകർച്ചവ്യാധികളുടെ വ്യാപനം നിയന്ത്രിക്കാനായിട്ടുണ്ട്. ഇപ്രകാരം നിയമിതരായ 1902 പേരിൽ ഏകദേശം 750 പേർ ഹെൽത്ത് സർവ്വീസസിലും, 171 പേർ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും സേവനം അനുഷ്ഠിച്ചുവരുന്നുണ്ട്. ഇവരുടെ സേവനം തുടർന്നും താല്ക്കാലികമായി നീട്ടുന്നത് ഇപ്പോൾ തുടർന്നുവരുന്ന രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഫലവത്താക്കുന്നതിന് അത്യന്താപേക്ഷിതമാണ് എന്ന് സർക്കാർ മനസ്സിലാക്കുന്നു.

4. മേൽ സാഹചര്യത്തിൽ ആരോഗ്യ + മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുകളിൽ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി വിവിധ ഘട്ടങ്ങളിലായി താല്ക്കാലികമായി നിയമിതരായ ഡോക്ടർമാർ, നഴ്സുമാർ, ഫാർമസിസ്റ്റുമാർ, ലാബ് ടെക്നീഷ്യർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, നഴ്സിംഗ് എയ്ഡുമാർ, സ്പ്രേമെൻമാർ, ക്ലീനിംഗ് സ്റ്റാഫ്, അറ്റന്റർമാർ തുടങ്ങിയവരുടെ സേവനകാലാവധി 2015 മാർച്ച് 31 വരെ താല്ക്കാലികമായി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. കെ. ഇളങ്കോവൻ,**
**സെക്രട്ടറി**

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ. ആർ.എച്ച്, എം, തിരുവനന്തപുരം
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്)കേരള, തിരുവനന്തപുരം.
അഡിഷണൽ സെക്രട്ടറി, ചീഫ് സെക്രട്ടറിയുടെ ഓഫീസ്.
ധനകാര്യ വകുപ്പ്. ( നം. 83458/എച്ച് & എൽ. ബി1/14/ധന നമ്പർ പ്രകാരം).
വെബ് & ന്യൂ മീഡിയ.
പൊതുഭരണ (എസ്. സി) വകുപ്പ്.
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
[signature]
സെക്ഷൻ ഓഫീസർ.

മേലെഴുത്ത് നം. പി.എച്ച്4-33250/2014/ആ.വ.ഡ.തീ. 9-10-2014
പകർപ്പ് എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും അറിവിലേക്കായും അനന്തര നടപടികൾക്കായും നൽകുന്നു.
[signature]
ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി
[initials] 9/10/14